**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314** **23-08-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ വിൽപ്പനശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സപ്ലൈക്കോ ഔട്ട്ലെറ്റുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിശദാംശം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉപഭോക്താവിന് ലഭിക്കുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തി അധികാരികളെ അറിയിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സപ്ലൈകോ ഔട്ട് ലെറ്റുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സപ്ലൈകോ ആവിഷ്കരിച്ച Google map integrated ആപ്പാണ് “Track Supplyco”. ടി ആപ്പ് Google play store-ലും ലഭ്യമാണ്. അതുപോലെ സേവനങ്ങളുടെ നിലവാരം വിലയിരുത്തി അധികാരികളെ അറിയിക്കുന്നതിന് ആവിഷ്കരിച്ച ആപ്പാണ് “Feed Back Supplyco”. ഔട്ട് ലെറ്റുകളിലെ റേറ്റിംഗ് 1 മുതൽ 5 വരെ രേഖപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളുടെ പ്രതികരണത്തെ ആസ്പദമാക്കി ഔട്ട് ലെറ്റുകളുടെ സേവനം മെച്ചപ്പെടുത്തി വരുന്നു. |
| (ബി) | സപ്ലൈകോ വില്പനശാലകളിലെ സ്റ്റോക്ക്, സെയിൽസ്, പർച്ചേയ്സ് എന്നിവ സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. നിലവിൽ സെയിൽസ്, സ്റ്റോക്ക്, പർച്ചേസ് എന്നിവ കാണുവാനുള്ള digital realtime basis സംവിധാനം ഒരുക്കിയിട്ടുണ്ട്. സപ്ലൈകോയിൽ ERP (എന്റർപ്രൈസ് റിസോഴ്സ് പ്ലാൻ) സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചു. ERP സംവിധാനം നിലവിൽ വരുന്നതോടെ സപ്ലൈകോ വില്പനശാലകളിലെ സ്റ്റോക്ക്, സെയിൽസ്, പർച്ചേസ് എന്നിവ സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ ലഭ്യമാകും. |
| (സി) | സംസ്ഥാന, ജില്ലാ, താലൂക്ക് തല വിജിലൻസ് കമ്മിറ്റികൾ, റേഷൻകട തലത്തിലുള്ള വിജിലൻസ് കമ്മിറ്റികൾ എന്നിവ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം വിശദമാക്കാമോ? | (സി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യ ഭദ്രത ചട്ടം 2018 എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സംസ്ഥാന, ജില്ല, താലൂക്ക് റേഷൻകട തലത്തിൽ വിജിലൻസ് കമ്മിറ്റികൾ 17.08.2018 ലെ സ.ഉ.(സാധാ) നം. 417/2018/ ഭ.പൊ.വി.വ, 418/2018/ഭ.പൊ.വി.വ, 419/2018/ ഭ.പൊ.വി.വ, 420/2018/ഭ.പൊ.വി.വ പ്രകാരം രൂപീകരിക്കുവാൻ ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ സംസ്ഥാനതല വിജിലൻസ് സമിതി, ജില്ലാതല വിജിലൻസ് സമിതി, താലൂക്ക് തല വിജിലൻസ് സമിതികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. റേഷൻ കടതല വിജിലൻസ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനാൽ കേരള ഭക്ഷ്യഭദ്രതാ ചട്ടം 2018 പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചു വരുന്നു. പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും പരാതിരഹിതവും ആയി മാറ്റുന്നതിലേക്കായിട്ടാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം 2018 എന്നിവ അനുശാസിക്കുന്ന പ്രകാരമുള്ള വിജിലൻസ് കമ്മിറ്റികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന, ജില്ലാ തല വിജിലൻസ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. താലൂക്ക് തല വിജിലൻസ് കമ്മിറ്റികളുടെ യോഗം കൃത്യമായ ഇടവേളകളിൽ വിളിച്ചുചേർക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ല/താലൂക്ക് സപ്ലൈ ആഫീസർമാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ